**പതിനാലാം കേരളനിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4994 — 23.03.2018 ന് മറുപടിയ്ക്ക്.

**പെരിയാർ ടൈഗർ റിസർവ്വിൽ ഗസ്റ്റ് ഹൗസ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും,<br>മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന ടൂറിസം വകുപ്പ് ശബരിമലയിൽ പെരിയാർ ടൈഗർ റിസർവ്വിൽ ഗസ്റ്റ് ഹൗസ് പണിയുന്നതിന് ഏതെങ്കിലും അറിയിപ്പോ അനുമതിയോ വനം വകുപ്പ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br>(ബി) ഈ മന്ദിരം പിൽഗ്രിം ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണോ; എങ്കിൽ സന്നിധാനത്ത് എവിടെയാണ് ഇത് പണിയുന്നതിന് തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ; വനം നിയമപ്രകാരമാണോ ഇത്തരം പ്രവർത്തനങ്ങൾ എന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;<br>(സി) ശബരിമലയിൽ പെരിയാർ ടൈഗർ റിസർവ്വിൽ ഗസ്റ്റ് ഹൗസ് പണിയുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വനം വകുപ്പിന്റെ പക്കലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വനം വകുപ്പ് എന്ത് നടപടിയാണ് ഈ വിഷയത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(ഡി) ഇത് പണിയുന്നത് വനം വകുപ്പ് ദേവസ്വത്തിന് ലീസിന് നൽകിയ ഭൂമിയിലാണോ ; വിശദാംശം ലഭ്യമാക്കാമോ; ഈ മന്ദിരം പണിയുന്നതിന്റെ ഭാഗമായി എത്ര മരങ്ങളാണ് പെരിയാർ ടൈഗർ റിസർവ് വനത്തിൽ നിന്നും മുറിച്ച് മാറ്റുന്നതെന്നും, വനം വകുപ്പ് ഇതിനായി നൽകിയ അനുമതി പത്രത്തിന്റെ പകർപ്പും ലഭ്യമാക്കാമോ;<br>(ഇ) പ്രസ്തുത മന്ദിരം പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം സബ് ലീസിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പും വിശദാംശവും ലഭ്യമാക്കാമോ<br>(എഫ്) ഇവിടെ ഇത്തരം കെട്ടിടങ്ങൾ പണിയുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണെന്ന അഭിപ്രായം സംസ്ഥാന വനം വകുപ്പിന് ഉണ്ടോ എന്ന് വ്യക്തമാക്കുമോ?<br>(ജി) ഈ മന്ദിരത്തിൽ ജീവനക്കാർക്കും ശബരിമല ദർശനത്തിന് വരുന്ന വി.ഐ.പി.കൾക്കും മറ്റ് ഭക്തർക്കും താമസിക്കുന്നതിന് സൗകര്യം ഉണ്ടായിരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ)--(ജി) ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരം ശബരിമലയിൽ വിനോദസഞ്ചാരത്തിന്റെ ഭാഗമായി ഗസ്റ്റ് ഹൗസ് പണിയുവാൻ കഴിയില്ല. ആയതിനാൽ ഗസ്റ്റ് ഹൗസ് പണിയുവാൻ സംസ്ഥാന ടൂറിസം വകുപ്പ് ഉൾപ്പെടെ വനം വകുപ്പ് ആർക്കും അനുമതി നൽകിയിട്ടില്ല.<br><br>പെരിയാർ ടൈഗർ റിസർവ്വിൽ കെട്ടിടങ്ങൾ പണിയുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ